(ഇ & എ ഫ്) കർഷകർക്ക് ഗുണമേന്മയുള്ള ജൈവ വളങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ ഉത്തരവ് ജി. ഒ. (ആർ. റ്റി.)690/2002/എ.ഡി തീയതി 1-7-2002 പ്രകാരം ഒരു ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അംഗീകരിക്കുന്ന ജൈവവളങ്ങളുടെയും ജീവാണുവളങ്ങളുടെയും ലിസ്റ്റ് കൃഷി ഡയറക്ടർ പുറത്തിറക്കുകയും ചെയ്യുന്നു. കാർഷിക സർവ്വകലാശാല ഐ. ജി. എ. ആർ. സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗുണമേന്മയുള്ള വളങ്ങൾക്ക് അംഗീകാരം നൽകുന്നത്. സർക്കാർ ഉത്തരവ് ജി. ഒ (ആർ. റ്റി)1031/2002 തീയതി 2-9-2002 പ്രകാരം കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടി ലിസ്റ്റിൽ ഉൾപ്പെട്ട വളങ്ങൾ മാത്രമേ വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷി ഭവൻ ഉദ്യോഗസ്ഥർ ജൈവവളങ്ങളുടെയും ബയോ കൺട്രോൾ ഏജന്റിന്റെയും ജൈവ കീടനാശിനികളുടെയും സാമ്പിളുകൾ കാർഷിക സർവകലാശാലയിലും കൃഷി വകുപ്പിന്റെ കീഴിലുള്ള ബയോകൺട്രോൾ ലാബിലും പരിശോധന നടത്തി ഗുണമേന്മ ഉറപ്പ് വരുത്താറുണ്ട്. ഇത് കൂടാതെ കർഷകർക്ക് ലഭിക്കുന്ന ജൈവവളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള രാസവള പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിനും ജീവാണു വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം രണ്ട് ജീവാണു പരിശോധനാശാലകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ നടപടികൾ സർക്കാർ കൈക്കൊള്ളുന്നുണ്ടെങ്കിലും ജൈവവളങ്ങളുടെ ഗുണമേന്മ നിയന്ത്രണം കേന്ദ്രസർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന്റെ പരിധിയിൽ വരാത്തതിനാൽ സർക്കാരിന് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്താൻ സാദ്ധ്യമാകുന്നില്ല. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വന്ന് പരിഹാരമാർഗ്ഗമാരായാൻ ഉദ്ദേശിക്കുന്നു.

റെയിൽവേ വഴി കൊണ്ടുവരുന്ന ചരക്കുകളുടെ നികുതി പൂർണ്ണമായും വസൂലാക്കുന്നതിന് നടപടി

17 (*703) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് റെയിൽവേ വഴി കൊണ്ടുവരുന്ന ചരക്കുകളുടെ നികുതി പൂർണ്ണമായും വസൂലാക്കുന്നതിന് ഇപ്പോൾ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) റെയിൽവേ വാഗണുകളിൽ കൊണ്ടുവരുന്ന സാധനങ്ങൾ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്ന പതിവ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണ് ;

(സി) ഈ തടസ്സം നീക്കാൻ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റെയിൽവേ വഴി വൻതോതിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയാൻ സർക്കാർ സത്വര നടപടി കൈക്കൊള്ളുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും റെയിൽവെ വഴി കൊണ്ടുവരുന്ന സാധനങ്ങൾ അതിന്റെ ഉടമസ്ഥർ റെയിൽവേ അധികാരികളിൽ നിന്നും ഡെലിവറി എടുത്ത് പുറത്ത് കൊണ്ടുവരുമ്പോൾ അവ വില്പന നികുതി നിയമപ്രകാരമുള്ള രേഖകളോട് കൂടിയതാണോയെന്ന് പരിശോധിക്കാനുള്ള അധികാരം വില്പന നികുതി ഇന്റലിജൻസ് ഉദ്യോഗസ്ഥർക്ക് ഉണ്ട്. വില്പന നികുതി നിയമപ്രകാരമുള്ള രേഖകളോട് കൂടിയതല്ലാത്ത സാധനങ്ങൾക്ക് ഇന്റലിജൻസ് ഉദ്യോഗസ്ഥർ സാധനങ്ങളുടെ ഉടമസ്ഥരിൽ നിന്ന് നികുതി ബാദ്ധ്യതയുടെ ഇരട്ടി ആയ തുക സെക്യൂരിറ്റിയിനത്തിൽ വസൂലാക്കുന്നു. കൂടാതെ ഇന്റലിജൻസ് ഓഫീസർമാർ റെയിൽവേ പാഴ്സൽ ഓഫീസ് സന്ദർശിച്ച് റെയിൽവേ വഴി കൊണ്ടുവന്നിട്ടുള്ള ചരക്കുകളുടെ വിവരം ശേഖരിക്കുകയും ആയത് വ്യാപാരികളുടെ കണക്കുകളുമായി ഒത്തുനോക്കി ക്രമക്കേടുകൾ കണ്ടാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) വില്പന നികുതി ഉദ്യോഗസ്ഥന്മാർക്ക് റെയിൽവേ പാഴ്സൽ ആഫീസിലുള്ള രേഖകൾ പരിശോധിച്ച്, റെയിൽവേ വഴി വരുന്ന സാധനങ്ങൾ അയച്ച ആളിന്റെയും കൊണ്ടുവരുന്ന ആളിന്റെയും വിവരങ്ങൾ ശേഖരിച്ച ശേഷം സാധനങ്ങൾ കൊണ്ടുവന്ന കച്ചവടക്കാരന്റെ കച്ചവട സംബന്ധമായ കണക്കു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള അധികാരം ഉണ്ട്. എന്നാൽ ഇങ്ങനെ കൊണ്ടുവരുന്നവരുടെ മേൽവിലാസം പലപ്പോഴും വ്യാജമാണ്. അത്തരം കേസുകളിൽ നടപടി ബുദ്ധിമുട്ടാണ്. റെയിൽവേ യാർഡിൽ ചരക്കുകൾ പരിശോധിക്കുന്നത് സാദ്ധ്യമല്ല. റെയിൽവേയിൽ നിന്നും എടുത്തുകൊണ്ടുപോകുന്ന ചരക്കുകൾ വില്പന നികുതി സ്കാഡുകൾ നിരന്തരം റെയിൽവേ സ്റ്റേഷൻ പരിസരത്തുവച്ച് പരിശോധിക്കുകയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) ഉണ്ട്. മൂന്നു കേസ്സുകളിൽ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ നോട്ടീസ് വകവയ്ക്കാതെ ചരക്കുകൾ വിട്ടുകൊടുത്തതിന് പെനാൽറ്റി ചുമത്തിയിട്ടുണ്ട്. കൂടാതെ കമ്മീഷണർ റെയിൽവേ മേധാവികൾക്ക് എഴുതിയിട്ടുമുണ്ട്. ആദായനികുതി ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിലുള്ള റീജിയണൽ എൻഫോഴ്സ്മെന്റ് ആന്റ് ഇന്റലിജൻസ് കമ്മിറ്റി മുമ്പാകെ പ്രശ്നം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) റെയിൽവേ ബോർഡിന്റേയും റെയിൽവേയുടെ ഉന്നത ഉദ്യോഗസ്ഥരുടേയും സഹായം റെയിൽവേ വഴിയുള്ള നികുതി വെട്ടിപ്പ് തടയാൻ വില്പന നികുതി ഉദ്യോഗസ്ഥർക്ക് ആവശ്യമാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റേയും റെയിൽവേ ബോർഡിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly